05/01/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 484(6)/2021 *എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.4666/*എസ്.ഐ.സി–ജി 5/2021*)**
**സന്നിഹിതൻ**
**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**തീയതി : 16.12.2021**

**ശ്രീമതി. രമണി ഷാജി,**
**പുത്തൻ വീട്,**
**കൂത്താട്ടുകുളം,**
**തെക്കേക്കര, ചിറ്റാർ പി.ഒ,**
**പത്തനംതിട്ട.** — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

**1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഡെപ്യൂട്ടി തഹസീൽദാർ (എച്ച്. ക്യൂ),**
**താലൂക്ക് ഓഫീസ്,**
**റാന്നി, പത്തനംതിട്ട.**

**2.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഡെപ്യൂട്ടി തഹസീൽദാർ (ഹെഡ് ക്വാർട്ടേഴ്സ്),**
**താലൂക്ക് ഓഫീസ്,**
**കോന്നി, പത്തനംതിട്ട.**

**3. അപ്പീൽ അധികാരി &**
**തഹസീൽദാർ,**
**താലൂക്ക് ഓഫീസ്,**
**റാന്നി, പത്തനംതിട്ട.** — **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/01/2021, 18/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 06/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10/12/2021<br>PWD റസ്റ്റ് ഹൗസ്, തിരുവല്ല |

RIGHT TO INFORMATION

| ഹിയറിംഗിലെ സാന്നിധ്യം: | |
| --- | --- |
| ഹർജിക്കാരി | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. രമണി ഷാജി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മൂന്നാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് മറുപടി ലഭ്യമായില്ലെന്നും ആയതിനാൽ ടിയാളുടെ അപേക്ഷയിലെ വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 28.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൾ 6.11.2012 ൽ റാന്നി താലൂക്ക് തഹസീൽദാർ മുമ്പാകെ പട്ടയത്തിനു നൽകിയ അപേക്ഷയും അനുബന്ധ രേഖകളുമാണ്.

3. ഹർജിക്കാരന്റെ 28.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷ 15.01.2021 ൽ വിവരാവകാശ നിയമം 6(3) പ്രകാരം രണ്ടാം എതിർകക്ഷിയ്ക്ക് അയച്ചു നൽകിയതായി അറിയിച്ചിരിക്കുന്നു. ആയതിന് രണ്ടാം എതിർകക്ഷി 18.02.2021 ൽ മറുപടി നൽകിയിരിക്കുന്നതായും കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൾ 12.02.2021 ൽ മൂന്നാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടില്ലാത്തതുമാണ്.

4. മൂന്നാം എതിർകക്ഷി 29.06.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് 15.01.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ നേരിൽ കേൾക്കുന്നതിനായി രണ്ട് തവണ ഹിയറിംഗ് നോട്ടീസ് അയച്ചിട്ടും ടിയാൾ ഹാജരായിട്ടില്ലാത്തതുമാണെന്നാണ്. ആയതിനാൽ ടിയാൾക്ക് ഓഫീസ് രേഖകൾ പരിശോധിച്ച് ടിയാൾ ആവശ്യപ്പെട്ട രേഖകൾ ശേഖരിക്കു

വാൻ അവസരം നൽകികൊണ്ട് 07.06.2021 ൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ടിയാൾ ഓഫീസിൽ ഹാജരാവുകയോ രേഖകൾ പരിശോധിക്കുകയോ ചെയ്യാതെയാണ് കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചിരിക്കുന്നത് എന്നുമാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയതായി കാണുന്നില്ല. 10.12.2021 ൽ കമ്മീഷൻ തിരുവല്ല റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഹർജിക്കാരി പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. രണ്ടാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. ഹിയറിംഗ് വേളയിൽ രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 28.05.2013 ലെ ജി.ഒ.(എം.എസ്) നം. 227/13 സർക്കാർ ഉത്തരവ് പ്രകാരം 13.01.2014 ലാണ് കോന്നി താലൂക്ക് നിലവിൽ വന്നതെന്നും 12.01.2014 വരെ ചിറ്റാർ വില്ലേജ് റാന്നി താലൂക്കിലായിരുന്നു ഉൾപ്പെട്ടിരുന്നതെന്നും റാന്നി താലൂക്ക് ഓഫീസിൽ നിന്നും കോന്നി താലൂക്ക് ഓഫീസിലേക്ക് കൈമാറിയ അപേക്ഷകളും ഫയലുകളും പരിശോധിച്ചതിൽ ഹർജിക്കാരി റാന്നി തഹസീൽദാർ മുമ്പാകെ സമർപ്പിച്ച 06.11.2011 ലെ അപേക്ഷ കണ്ടെത്താൻ സാധിച്ചില്ലെന്നും ആവശ്യമെങ്കിൽ രേഖകൾ വിവരാവകാശ നിയമ പ്രകാരം പരിശോധിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് 18.02.2021 ൽ മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിന്മേൽ ഹർജിക്കാരി അപ്പീൽ അധികാരിയായ കോന്നി തഹസീൽദാർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നുമാണ്. റാന്നി താലൂക്കിൽ നൽകിയിരുന്ന ഹർജികക്ഷിയുടെ വിവരാവകാശ അപേക്ഷ ഇപ്പോൾ നിലവിൽ ചിറ്റാർ വില്ലേജ് റാന്നി താലൂക്കിൽ നിന്നും മാറ്റി കോന്നി താലൂക്കിൽ ആക്കിയിട്ടുള്ളതാണെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ടിയാളുടെ 6(1) അപേക്ഷ വിവരാവകാശ നിയമം 6(3) പ്രകാരം കോന്നി താലൂക്കിലേക്ക് അയച്ചു നൽകിയിരുന്നത്. വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എങ്കിൽ ഒന്നാം അപ്പീൽ കോന്നി താലൂക്കിൽ നൽകണമായിരുന്നു. എന്നാൽ അപ്പീൽ ഹർജികക്ഷി റാന്നി താലൂക്കിലേക്ക് ആണ് നൽകിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 19(1) പ്രകാരമുള്ള അപ്പീലപേക്ഷയിന്മേൽ എടുത്ത തീരുമാനത്തിൽ കമ്മീഷൻ അപാകത കാണുന്നില്ല. അപ്പീൽ ഹർജിക

ക്ഷിയ്ക്ക് ആവശ്യമെങ്കിൽ വീണ്ടും ഒരു അപ്പീൽ അപേക്ഷ കോന്നി താലൂക്കിൽ നൽകാവുന്നതും കോന്നി താലൂക്കിൽ ആയത് ഒന്നാം അപ്പീലായി പരിഗണിച്ച് കാലതാമസം നോക്കാതെ പരിശോധിച്ച് അപ്പീൽ ഹർജികക്ഷിക്കു മറുപടി നൽകാവുന്നതാണ് എന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 16-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm